# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.16/567/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 27/03/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.16/567/2021 തീയ്യതി: 27/03/2021

## മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-01-2020 മുതൽ 25-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻ വീട് | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് | 26-02-2021 | 06-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-02-2021 | 06-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ്.പി ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ റഷീദ് എം.പി അസി. ഓഡിറ്റ് ഓഫീസർ

ശ്രീ.റിഷിൽ. പി അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ഇദ്രീസ് അബ്ദുള്ള. ഓഡിറ്റർ
ശ്രീമതി.സുജിത.പി.കെ ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സത്യൻ | പ്രസിഡന്റ് | 01-04-2019 | 24-04-2019 |
| ശ്രീമതി.കോമളം,വൈസ് പ്രസിഡന്റ്(ഇൻചാർജ്ജ്) | പ്രസിഡന്റ് | 25-04-2019 | 14-05-2019 |
| ശ്രീ.അബ്ദുൾകരീം | പ്രസിഡന്റ് | 15-05-2019 | 18-11-2019 |
| ശ്രീമതി.കോമളം.വൈസ് പ്രസിഡന്റ്(ഇൻചാർജ്ജ) | പ്രസിഡന്റ് | 19-11-2019 | 16-02-2020 |
| ശ്രീ.അബ്ദുൾകരീം | പ്രസിഡന്റ് | 17-02-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജൻ. കെ. കെ | സെക്രട്ടറി | 01-04-2019 | 17-07-2019 |
| ശ്രീ.മണികണ്഻ൻ.ടി | സെക്രട്ടറി(അസി.സെക്രട്ടറി ഇൻചാർജ്ജ്) | 18-07-2019 | 31-03-2020 |
| ശ്രീ.മണികണ്഻ൻ.ടി | അസി.സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീമതി.ബിന്ദു ഫ്രാൻസിസ് | അസി.സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീ.മനോജ്.കെ.കെ. | അസി.എഞ്ചിനിയർ | 01-04-2019 | 19-07-2020 |
| ശ്രീമതി. സുലജ.പി. | അസി.എഞ്ചിനിയർ | 29-07-2019 | 04-02-2020 |
| ശ്രീ.ജയദേവൻ | അസി.എഞ്ചിനിയർ | 12-02-2020 | 31-03-2020 |
| ശ്രീ.അബ്ദുൾ ജലീൽ | വി.ഇ.ഒ | 01-04-2019 | 09-12-2019 |
| ശ്രീ.രജീഷ് പി.എം. | വി.ഇ.ഒ | 10-12-2019 | 31-03-2020 |
| ശ്രീമതി.സീമന്തിനി.എം.കെ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി . വൃന്ദ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| | | 01-04- | 31-03- |

| | | | |
|---|---|---|---|
| ഡോ പ്രസന്നകുമാരി എൻ ബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2019 | 2020 |
| ഡോ അജിത്ത്കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 14-01-2020 |
| ഡോ ഹരി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 15-01-2020 | 03-02-2020 |
| ഡോ അജിത്ത്കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 04-02-2020 | 31-03-2020 |
| ഡോ സ്മിജിഷ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ഭാഗ്യം | ICDS സൂപ്പർവൈസർ | 01-04-2019 | 02-12-2019 |
| ശ്രീമതി മുബീന | ICDS സൂപ്പർവൈസർ | 15-12-2019 | 31-03-2020 |
| ഡോ സിൻസി | മെഡിക്കൽ ഓഫീസർ | 01-04-2019 | 17-09-2019 |
| ഡോ നീമ വേണുഗോപാൽ | മെഡിക്കൽ ഓഫീസർ | 18-09-2019 | 15-12-2019 |
| ഡോ സിൻസി | മെഡിക്കൽ ഓഫീസർ | 16-12-2019 | 16-12-2019 |
| ഡോ ഷൻഫിയത്ത് സി വി | മെഡിക്കൽ ഓഫീസർ | 17-12-2019 | 27-01-2020 |
| ഡോ നീമ വേണുഗോപാൽ | മെഡിക്കൽ ഓഫീസർ | 28-01-2020 | 31-03-2020 |

(1)20.07.2019 മുതൽ 28.07.2019 വരേയും 05.02.2020 to 11.02.2020 വരെയും അസി.എഞ്ചിനീയറുടെ ഒഴിവ്. (2) 03.12.2019മുതൽ 14.12.2019 വരെ I.C.D.S.സൂപ്പർവൈസറുടെ ഒഴിവ്

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Prasad (Audit Officer, On 03-03-2021)<br>Last Updated By: Prasad (Audit Officer, On 15-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Idrees Abdulla A.C. (Auditor, On 08-03-2021)<br>Last Updated By: Sujitha.P.K (Auditor, On 15-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 08-03-2021)<br>Last Updated By: Husna (Auditor, On 26-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 08-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Prasad (Audit Officer, On 08-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 08-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 08-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 08-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Prasad (Audit Officer, On 08-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prasad (Audit Officer, On 08-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 08-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-11 |
| 12 | തുടർ സാക്ഷരതാ പദ്ധതി- മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്<br>Written By: Abdul Rasheed MP (Asst. Audit Officer, On 06-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-12 |
| 13 | യാത്രാ ബത്ത നൽകിയത്- രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Abdul Rasheed MP (Asst. Audit Officer, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-13 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Prasad (Audit Officer, On 07-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-14 |
| 15 | അംഗനവാടി പോഷകാഹാര പരിപാടി - ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Abdul Rasheed MP (Asst. Audit Officer, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-15 |
| 16 | മഴക്കാല പൂർവ്വശുചീകരണം- വിനിയോഗ രേഖകൾ | 1-16 |

| | | |
|---|---|---|
| | ഹാജരാക്കേണ്ടതാണ്<br>Written By: Abdul Rasheed MP (Asst. Audit Officer, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | |
| 17 | കുടിവെള്ള വിതരണം- രേഖകള്‍ ഹാജരാക്കേണ്ടതാണ്.<br>Written By: Abdul Rasheed MP (Asst. Audit Officer, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-17 |
| 18 | എസ്.എസ്.എ പ്രൊജക്ട് നിര്‍വ്വഹണ അപാകതകള്‍<br>Written By: Abdul Rasheed MP (Asst. Audit Officer, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-18 |
| 19 | ഐ.എസ്.ഒ പ്രവര്‍ത്തനം- ഫ്രണ്ട് ഓഫീസിലേക്ക് ടച്ച് സക്രീന്‍ , ഹൈ സ്പീഡ് സ്കാനര്‍ സ്ഥാപിക്കല്‍ - പ്രവര്‍ത്തന തടസ്സം നീക്കാന്‍ നടപടികള്‍ സ്വീകരിക്കേണ്ടതാണ്.<br>Written By: Abdul Rasheed MP (Asst. Audit Officer, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-19 |
| 20 | ട്രാന്‍സ്പോര്‍ട്ടേഷന്‍ കൂലി നല്‍കിയത്- രേഖകള്‍ ഹാജരാക്കേണ്ടതാണ്<br>Written By: Abdul Rasheed MP (Asst. Audit Officer, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-20 |
| 21 | പൂര്‍ത്തീകരണ വിവരം ലഭ്യമാക്കിട്ടില്ലാത്ത പ്രവൃത്തികള്‍<br>Written By: Abdul Rasheed MP (Asst. Audit Officer, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-21 |
| 22 | റിസോഴ്സ് കളക്ഷന്‍ സെന്‍റര്‍ നിര്‍മ്മാണം - പ്രവൃത്തി പാതി വഴിയില്‍ ഉപേക്ഷിച്ചു-പാഴ്ചെലവ് 65080 രൂപ<br>Written By: Rishil.P (Asst. Audit Officer, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-22 |
| 23 | വനിത വ്യവസായ പാര്‍ക്ക് കെട്ടിട നിര്‍മ്മാണം - പ്രവൃത്തി നിശ്ചലാവസ്ഥയില്‍- പാഴ്ചെലവ് 67747 രൂപ<br>Written By: Rishil.P (Asst. Audit Officer, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-23 |
| 24 | എസ്.സി വിദ്യാര്‍ത്ഥികള്‍ക്ക് ലാപ്പ് ടോപ്പ് വിതരണം - അപാകത<br>Written By: Rishil.P (Asst. Audit Officer, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-24 |
| 25 | എസ്.സി വനിതകള്‍ക്ക് ഇരുചക്ര വാഹനം - പദ്ധതി അപാകത<br>Written By: Rishil.P (Asst. Audit Officer, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-25 |
| 26 | അസിസ്റ്റന്‍റ് എഞ്ചിനീയറുടെ പദ്ധതി നിര്‍വ്വഹണം - പൊതു ന്യൂനതകള്‍<br>Written By: Rishil.P (Asst. Audit Officer, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-26 |
| 27 | പൊതു മരാമത്ത് പ്രവൃത്തികള്‍ - അവലോകനം<br>Written By: Rishil.P (Asst. Audit Officer, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-27 |
| 28 | വെറ്റിനറി സര്‍ജന്‍ നിര്‍വ്വഹണം ചെയ്ത പ്രൊജക്ടുളിലെ അപാകതകള്‍<br>Written By: Sujitha.P.K (Auditor, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-28 |
| 29 | പോത്തുകുട്ടി വളര്‍ത്തല്‍ (ജനറല്‍)പ്രൊജക്ട്- അപാകതകള്‍ | 1-29 |

| | | |
|---|---|---|
| | Written By: Sujitha.P.K (Auditor, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | |
| 30 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.<br>Written By: Rishil.P (Asst. Audit Officer, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-30 |
| 31 | രജിസ്റ്ററുകുളുടെ സൂക്ഷിപ്പ് -അപാകത<br>Written By: Idrees Abdulla A.C. (Auditor, On 16-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പോത്തുകുട്ടി വളർത്തൽ (ജനറൽ)പ്രൊജക്ട്-അപാകതകൾ<br>Written By: Sujitha.P.K (Auditor, On 17-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ 2019-20<br>Written By: Idrees Abdulla A.C. (Auditor, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് 2019-20<br>Written By: Prasad (Audit Officer, On 11-03-2021)<br>Last Updated By: Prasad (Audit Officer, On 11-03-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Prasad (Audit Officer, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 4-5 |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Prasad (Audit Officer, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Idrees Abdulla A.C. (Auditor, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 27-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 27-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prasad (Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| | | |
|---|---|---|
| | Written By: Idrees Abdulla A.C. (Auditor, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 26-03-2021) | |

| **അനുബന്ധം** | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയ്യതി | പുതുക്കിയ തീരുമാന നമ്പർ/തിയ്യതി |
|---|---|
| 1/1-12.02.2019 | 1/2-27.03.2020 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 01.06.2020 | ഇല്ല | ഇല്ല |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16697644 |
| വരവ് | 60482523 |
| ആകെ | 77180167 |
| ചെലവ് | 62972431 |
| നീക്കിയിരിപ്പ് | 14207736 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 9290212 | 9290212 | 8256177 | 1034035 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7271882 | 7271882 | 6795303 | 476579 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 10804000 | 10804000 | 2810654 | 7993346 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3453000 | 3453000 | 1370361 | 2082639 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8814173 | 8814173 | 3624345 | 5189828 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 18956432 | 18956432 | 18956432 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 18946 | 1526831 | 1545777 | 1469044 | 76733 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1100000 പ്രോജക്ട് നം. 16/19വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1100000 | 528200 | 571800 |
| | ബ്ലോക്ക് പഞ്ചായത്ത് | 655851 | 750000 പ്രോജക്ട് നം. 53/19 നെൽകൃഷി വികസനം | 750000 | 750000 | 655851 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് | 433700 | 300000 പ്രോജക്ട് നം. 16/19 ശാരീരികവും, മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 733700 | 266300 | 467400 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | | 400000 പ്രോജക്ട് നം. 151/19 ലൈഫ് ഭവനപദ്ധതി | 400000 | 400000 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 12437459 | 12437459 | 8470438 | 3967021 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7441924 | 17630299 | 25072223 | 20381843 | 4690380 |
| | ട്രഷറി അക്കൗണ്ട് | 8817106 | 23627625 | 32444731 | 23593331 | 8851400 |
| ശുചിത്വ മിഷൻ | | 627284 | 00 | 627284 | 46284 | 581000 |
| ടി.എസ്.സ് | | 1651743 | 4772 | 1656515 | 0 | 1656515 |
| ഐ.സി.ഡി.എസ് | | 1568890 | 1151343 | 2720233 | 1476136 | 1244097 |
| എസ്.എസ്.എ | | 52379 | 2118 | 54497 | 0 | 54497 |
| പൈക | | 17144 | 0 | 17144 | 0 | 17144 |
| സ്പെസിഫിക്ക് ഫണ്ട് | | 3784 | 0 | 3784 | 0 | 3784 |
| ലിറ്ററസി സ്കീം ഗ്രാൻറ് | | 385 | 0 | 385 | 0 | 385 |
| എം.പി.യുടെ പ്രാദേശിക വികസന ഫണ്ട് | | 0 | 18820 | 18820 | 0 | 18820 |
| Specific Funds Other That State/Dev.Fund | | 400000 | 0 | 400000 | 0 | 400000 |
| Total Sanitation (Specific Fund) | | 0 | 36000 | 36000 | 30000 | 6000 |
| Other Govt. Agencies(Specific Purpose) | | 38900 | 11750 | 50650 | 38542 | 12108 |
| നിർമൽ പുരസ്കാർ | | 1199 | 0 | 1199 | 0 | 1199 |
| SGSY | | 14801 | 0 | 14801 | 14801 | 0 |
| കുടിവെള്ള പദ്ധതി | | 100000 | 0 | 100000 | 0 | 100000 |
| പ്രാദേശിക വികസന ഫണ്ട് | | 17790 | 0 | 17790 | 0 | 17790 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 186 | 111806496 | 105 | 47777962 | 40 | 41 | 56.45 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18946 | 1526831 | 1545777 | 1469044 | 76733 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 18956432 | 18956432 | 18956432 | 00 |
| ആകെ | 18946 | 20483263 | 20502209 | 20425476 | 76733 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24000 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 1678800 | 580 |
| വിവാഹ ധനസഹായം | 60000 | 2 |
| വാർദ്ധക്യകാലപെൻഷൻ | 11829000 | 3991 |
| വികലാംഗപെൻഷൻ | 2011400 | 675 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള ധനസഹായം | 397200 | 133 |
| വിധവാ പെൻഷൻ | 7428000 | - |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30562/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണം

1.വിദ്യാഭ്യാസ കായിക യുവജനക്ഷേമ വർക്കിംഗ് ഗ്രൂപ്പ് സാമ്പത്തിക വർഷം 16.12.2019, 17.02.2020 എന്നിങ്ങനെ രണ്ടുപ്രാവശ്യവും, ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം എന്നിവയെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് 17.02.2020 ൽ മാത്രമാണ് യോഗം ചേർന്നത്. സ്ത്രീകളുടേയും കുട്ടികളുടേയും വികസനം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ്, സാമൂഹികനീതി വർക്കിംഗ് ഗ്രൂപ്പ് എന്നിവ 2019-20ൽ യോഗം ചേർന്നിട്ടില്ല.
2.സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതികളുടെ പുരോഗതിയും ഫലപ്രാപ്തിയും അവലോകനം ചെയ്യുന്നില്ല.
3.രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ കാര്യക്ഷമമാക്കേണ്ടതാണ്.
ബിൽഡിംഗ് പെർമിറ്റ്, റെഗുലൈസേഷൻ എന്നിവക്ക് ലഭിക്കുന്ന അപേക്ഷകൾ, കെട്ടിട നിർമ്മാണ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം രജിസ്റ്ററിലെ ബാധകമായ മുഴുവൻ കോളങ്ങളിലും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2021, 28.01.2021 | 01.07.2020- 30.11.2020 | 28.01.2021 |
| എ.ജി.ഓഡിറ്റ് | 19.05.2010-01.06.2010 | 2005-06 മുതൽ 2009-10 വരെ | 03.07.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1.Accrual അല്ലാത്ത വരവായ Permit Fee For Running Machinery (140120104 ) എന്ന ഹെഡിലെ വരവ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ, റസീപ്റ്റ് ആന്റ് പെയ്മെന്റ് എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ഇൻകം ആന്റ് എക്സ്പെൻഡിച്ചർ | 8900 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് | 6250 |

2. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ 1245 രൂപ വരവുണ്ട്, എന്നാൽ എ.എഫ്.എസ് പ്രകാരം ഈയിനത്തിൽ വരവ് ഇല്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കി സമർപ്പിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്ററിലെ Bidders EMD , Suppliers Security Deposit , Supplier EMD എന്നിവ രേഖപ്പെടുത്തിയതിൽ നിക്ഷേപം സ്വീകരിച്ച രശീതി/ വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. വികസന ഫണ്ട്(എസ്.സി.പി) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 6795303/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം (R.P 7) 6745303/-രൂപയാണ് ( 50000/-രൂപയുടെ വ്യത്യാസം.)

6. Joint Account വരവ് ചെലവ് (ജില്ലാ പഞ്ചായത്ത് ) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. Project No. 16/19 (ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്ക് സ്‌കോളർഷിപ്പ് ) പ്രകാരം 266300 രൂപ ചെലവുണ്ടെങ്കിലും ആയത് AFS ൽ വന്നിട്ടില്ല.

## 1-12 തുടർ സാക്ഷരതാ പദ്ധതി- മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് 36/19-20

വൗച്ചർ നമ്പർ 21901235/27.3.20 ( ചെക്ക് നമ്പർ 5139633/27.3.20)- 48100 രൂപ

21901236/27.3.20 ( ചെക്ക് നമ്പർ 5139634/27.3.20)- 66900 രൂപ

ഹെഡ്‌മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ തുടർസാക്ഷരതാ പദ്ധതിയിൽ ഉൾപ്പെടുത്തി 1,15,000 രൂപ തുല്യതാ പരീക്ഷകൾക്കായി കേരള സാക്ഷരതാ മിഷനിലേക്ക് അടവാക്കിയിട്ടുണ്ട്. സാക്ഷരതാ പ്രേരകിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തുക അടവാക്കിയത്. പഠിതാക്കൾ പരീക്ഷക്ക് ഹാജരായത് സംബന്ധിച്ച വിവരം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്. ചെലവു തുക 1,15,000 രൂപ തടസ്സം ചെയ്യുന്നു. എൻക്വയറി 8/6-3-2021 പ്രകാരം വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 യാത്രാ ബത്ത നൽകിയത്- രേഖകൾ ഹാജരാക്കേണ്ടതാണ്

വൗച്ചർ: 21900414/26.8.19 – 2560 രൂപ

ചെക്ക് 469812/26.8.19

മേൽ വൗച്ചർ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.കെ.വി.അബ്ദുൾ കരീമിന് യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ചതിന് ആധാരമായ ക്ലെയിം, യാത്രാ ഡയറി എന്നിവ ഹാജരാക്കിയിട്ടില്ല. അവ ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി 11/6.3.21 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യവും കണക്കാക്കിയിട്ടില്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക തുടങ്ങിയവക്ക് വേണ്ടിയാണ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്. ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ അത്തരത്തിൽ ഘടകസ്ഥാപന മേധാവികൾ യോഗം കൂടി പദ്ധതി നടപ്പിലാക്കി അംഗീകരിച്ചതിന്റെ രേഖകളൊന്നും ലഭ്യമായിട്ടില്ല. പഞ്ചായത്തിന് കീഴിലുള്ള മുഴുവൻ ആസ്തികളുടേയും വിവരങ്ങൾ ശേഖരിക്കുകയും ആയവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-15 അംഗനവാടി പോഷകാഹാര പരിപാടി - ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് 30/20 അംഗനവാടി പോഷകാഹാരം

1.ചെക്ക് നമ്പർ 5139617/21.10.19 – 3,27,504 രൂപ.

മേൽ ചെക്ക് പ്രകാരമുള്ള തുകയിൽ 1,94,069 രൂപ ഭക്ഷ്യ വസ്തുക്കളുടെ വിലയായി ചങ്ങരംകുളം മാവേലി സ്റ്റോറിന് നൽകിയിട്ടുണ്ട്. വാങ്ങിയ ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്തതിന്റെയും അംഗനവാടികൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ബിൽ നമ്പർ 4/14.10.19 – 118826രൂപ. 2314 കി.ഗ്രാം ഭക്ഷ്യ വസ്തുക്കളുടെ വിലയായി ചങ്ങരംകുളം മാവേലി സ്റ്റോറിന് 1,18,826 രൂപ നൽകിയിട്ടുണ്ട്. വാങ്ങിയ ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്തതിന്റെയും അംഗനവാടികൾക്ക്

വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2/3.3.2021ന് മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലെ 3,12,895 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-16 മഴക്കാല പൂർവ്വശുചീകരണം- വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്

വൗച്ചർ : 21900315/17.7.19 – 2,55,000, ചെക്ക് നമ്പർ. 314648/17.6.19

മഴക്കാല പൂർവ്വശുചീകരണത്തിനായി 17 വാർഡുകൾക്ക് 15000 രൂപ വീതം ആകെ 2,55,000 രൂപ വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. അനുവദിച്ച തുകയുടെ വിനിയോഗ വിവരം, ചെലവു രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്(ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി9/6.3.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല). ചെലവ് തുക 2,55,000 രൂപ തടസ്സം ചെയ്യുന്നു.

## 1-17 കുടിവെള്ള വിതരണം- രേഖകൾ ഹാജരാക്കേണ്ടതാണ്.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 31.5.19 വരെ ജലവിതരണം നടത്തിയതിന് ശ്രീ.നൂറുദ്ദീൻ ഓളങ്ങാട്ട് എന്നയാൾ ലിറ്ററിന് 0.95 രൂപ നിരക്കിൽ 13,95,132 രൂപയുടെ ക്ലയിം സമർപ്പിക്കുകയും തനതു ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം ആകെ 11 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

1.വൗച്ചർ 21900099/10.5.19 - 1,75,000 രൂപ ചെക്ക് 112558/10.5.19

2.വൗച്ചർ 21900 ---P/24.5.19 - 2,00,000 രൂപ ചെക്ക് 2672987/24.5.19

3.വൗച്ചർ 21900162/3.6.19 - 2,00,000 രൂപ ചെക്ക് 112582/3.6.19

4.വൗച്ചർ 21900 221/25.6.19 - 175,000 രൂപ ചെക്ക് 314594/25.6.19

5.വൗച്ചർ 21900300/15.7.19 - 3,50,000 രൂപ ചെക്ക് 314634/15.7.19

കുടിവെള്ള വിതരണത്തിനായി ലഭിച്ച ക്വട്ടേഷനുകൾ, വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ, ലോഗ്, ക്ലയിം പരിശോധിച്ചതിന്റെയും മേൽനോട്ടം വഹിച്ചതിന്റെയും രേഖകൾ എന്നിവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (7/6.3.21) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു.

## 1-18 എസ്.എസ്.എ പ്രൊജക്ട് നിർവ്വഹണ അപാകതകൾ

2019-20 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ, ആർ.എം.എസ്.എ പ്രൊജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദേശിക്കുന്നുണ്ട്. ഈ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ് എന്നും ഈ ഉത്തരവിൽ നിർദേശിക്കുന്നുണ്ട്. [ ഖ 7.6 (3) ]

പഞ്ചായത്ത് 2019-20 ൽ നടപ്പാക്കിയ എസ്.എസ്.എ വിഹിതം നൽകൽ എന്ന രണ്ട് പ്രൊജക്ടുകളിൽ ആകെ 16.85 ലക്ഷം രൂപ എസ്.എസ്.എ ക്ക് നൽകിയിട്ടുണ്ട്.(പ്രൊജക്ട് 38/20-എസ്.സി, ബിൽ നമ്പർ 6/4.7.19 -₹ 3,85,000, പ്രൊജക്ട് 39/20,ബിൽ നമ്പർ 10/27.7.19 -₹ 4,00,000, ബിൽ നമ്പർ 11/27.7.19 -₹ 5,00,000, ബിൽ നമ്പർ 14/27.7.19 -₹ 4,00,000,) പ്രൊജക്ട് മേൽ നിർദേശങ്ങൾ പാലിക്കാതെയാണ് നടപ്പാക്കിയത്.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) എസ്.എസ്.എ പ്രൊജക്ട് തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉണ്ടായിട്ടില്ല. എസ്.എസ്.എ തയ്യാറാക്കിയ പദ്ധതിയുടെ പകർപ്പും പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല

2) എസ്.എസ്.എ പദ്ധതികൾ ഏതെല്ലാം വിദ്യാലയങ്ങളിലാണ് നടപ്പാക്കിയത് / സേവനം നൽകിയത് എതെല്ലാം സ്കൂളുകളിലെ കുട്ടികൾക്കാണ് എന്നത് സംബന്ധിച്ച യാതൊരു രേഖയും പഞ്ചായത്തിൽ ലഭ്യമല്ല.

3) 2019-20 വർഷത്തെ പ്രൊജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പദ്ധതികൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയതിന്റെ വിശദമായ വിവരങ്ങളും വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സർക്കാർ ഉത്തരവിലെ നിർദേശം പാലിക്കാതെ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്താതെ പ്രൊജക്ട് തയ്യാറാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ 10/6.3.21നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 16,85,000 രൂപ തടസ്സം ചെയ്യുന്നു.

## 1-19 ഐ.എസ്.ഒ പ്രവർത്തനം- ഫ്രണ്ട് ഓഫീസിലേക്ക് ടച്ച് സക്രീൻ , ഹൈ സ്പീഡ് സ്കാനർ സ്ഥാപിക്കൽ - പ്രവർത്തന തടസ്സം നീക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വൗച്ചർ 21900277/10.7.19 – 149250 രൂപ

ഗ്രാമ പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി ടച്ച് സക്രീൻ , ഹൈ സ്പീഡ് സ്കാനർ എന്നിവ ഇൻസ്റ്റാൾ ചെയ്യുന്നതിനായി പ്രൊജക്ട് 144/20 ൽ തനതു ഫണ്ടിൽ നിന്നും 149250 രൂപ SANSCORP India Pvt Ltd എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 15.1.19 ലാണ് ടച്ച് സ്ക്രീൻ സ്ഥാപിക്കുന്നതിനായി സ്ഥാപനവുമായി കരാർ ഒപ്പു വച്ചത്. 10.05.2019 ലെ SC -5/0091 തിയ്യതി 10.5.19 പ്രകാരം ഇൻസ്റ്റാൾ ചെയ്ത സംവിധാനം വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ആക്ടീവ് അല്ലാത്തതിനാൽ പ്രവർത്തനം തടസ്സപ്പെട്ടതായും അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനും കരാർ സ്ഥാപനത്തോട് ആവശ്യപ്പെട്ടെങ്കിലും തുടർ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ കരാർ വ്യവസ്ഥകളനുസരിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്. ടച്ച് സ്ക്രീൻ സംവിധാനത്തിന്റെ വാറന്റി കാലയളവ് നഷ്ടപ്പെടുന്നത് പരിഹരിക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ( എൻക്വയറി 12/6.3.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-20 ട്രാൻസ്പോർട്ടേഷൻ കൂലി നൽകിയത്- രേഖകൾ ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് 27/20 അംഗനവാടി പോഷകാഹാരം (എസ്.സി)

നിർവ്വഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ.

ചെക്ക് നമ്പർ 67900/3.8.19 – പ്രകാരം മാറിയ 1,41,444 രൂപയിൽ 37896 രൂപ ട്രാൻസ്പോർട്ടേഷൻ കൂലിയായി ശ്രീ.ഷാജൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്. ഈ തുക നൽകുന്നതിലേക്കായി ഇറക്കിയ ഭക്ഷ്യ വസ്തുക്കളുടെ വിവരം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഇറക്കിയ ഭക്ഷ്യ വസ്തുക്കളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കാത്തതിനാൽ ( എൻക്വയറി 2/3.3.2021) ചെലവു തുക 37896 രൂപ തടസ്സം ചെയ്യുന്നു.

## 1-21 പൂർത്തീകരണ വിവരം ലഭ്യമാക്കിട്ടില്ലാത്ത പ്രവൃത്തികൾ

താഴെ പറയുന്ന പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് പണം നൽകിയിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

1.പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പ്രൊജക്ട് 129/20

വൗച്ചർ 21900709/1.6.19 – 1,00,000 രൂപ ട്രഷറി ബിൽ9/4.7.19 ( ധനകാര്യ കമ്മീഷൻ അവാർഡ് തുക) രൂപ കേരള വാട്ടർ അതോറിറ്റി, എടപ്പാളിന് നൽകിയത്.

2.അഗതി രഹിത കേരളം- പ്രൊജക്ട് 146/20

വൗച്ചർ /21900859/23.12.19( ചെക്ക് 5139635/23.12.19) – 1,00,000( തനത് ഫണ്ട് തുക) ഗ്രാമ പഞ്ചായത്ത് സി.ഡി.എസ്സിന് നൽകിയത്.

3.അംഗനവാടി നിർമ്മാണം, വാർഡ് 5- പ്രൊജക്ട് 137/20

ട്രഷറി ബിൽ 8/4.7.19 – 2,70,000 രൂപ ( ധനകാര്യ കമ്മീഷൻ അവാർഡ് തുക) സാമൂഹ്യ സുരക്ഷാ മിഷന് നൽകിയത്

4. ഇലക്ട്രിക് പോസ്റ്റ് മാറ്റൽ- പ്രൊജക്ട് 145/20

55749 രൂപ വൗച്ചർ 21900858/19.12.19 (തനത് ഫണ്ട് )കെ.എസ്.ഇ.ബി ചങ്ങരംകുളത്തിന് നൽകിയത്.

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 5,25,749 രൂപ തടസ്സം ചെയ്യുന്നു.

## 1-22 റിസോഴ്സ് കളക്ഷൻ സെന്റർ നിർമ്മാണം - പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ചു- പാഴ്ച്ചെലവ് 65080 രൂപ

പ്രോജക്ട് നം - 125/20

എം. ബുക്ക് - 138/17-18

കരാർ - 05/3.8.18

ബിൽ - 53/8.5.20 (19-20 ക്യൂ ബിൽ )

കരാറുകാരൻ -VP.ഗോപിനാഥൻ

Cost Index -37.25% (DSR 2016)

TS-17,15,000

Est. No-2018/126694

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തിയാണ് റിസോഴ്സ് കളക്ഷൻ സെന്റർ നിർമ്മാണം. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് കാർഷിക വിപണന കേന്ദ്രം/വി.ഇ.ഒ ഓഫീസ് സമുച്ചയത്തിനടുത്തായി കെട്ടിടത്തോട് ചേർന്ന് ഒരു പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണത്തിനായിട്ടാണ് 17,15,000 രൂപ വകയിരുത്തി ഈ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 15 ലക്ഷം കേന്ദ്രാവിഷ്കൃത ഫണ്ടും 2,15,000 രൂപ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് കൂടി ഉൾപ്പെടുത്തിയാണ് പദ്ധതി തായ്യാറാക്കിയിരുന്നത്. താഴത്തെ നിലയിൽ മെഷീൻ സ്ഥാപിച്ച് പ്ലാസ്റ്റിക്ക് ചാക്കുകളിലായി സൂക്ഷിക്കുന്നതിന് കബോർഡുകൾ നിർമ്മിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികളും പൊടിച്ച പ്ലാസ്റ്റിക്ക് ചാക്കുകളിലാക്കി നിലവിലെ കെട്ടിടത്തിന് മുകളിൽ സൂക്ഷിക്കുന്നതിന് വേണ്ടി മുകളിലേക്ക് കോണിയും ഒന്നാം നില ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള പ്രവൃത്തികളും എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

വളരെ നല്ല രീതിയിൽ പദ്ധതിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആവശ്യമായ ഫണ്ട് വകയിരുത്തുകയും ചെയ്തു. പ്രവൃത്തിക്ക് വേണ്ടി ടെണ്ടർ സമർപ്പിച്ചതിൽ കുറവ് രേഖപ്പെടുത്തിയ VP ഗോപിനാഥൻ എന്ന കരാറുകാരന്റെ ടെണ്ടർ 10,41,080.90 രൂപക്ക് അംഗീകരിക്കുകയും പ്രവൃത്തി നടത്തിപ്പിന് വേണ്ടി സ്ഥലം 6.8.2018 ന് കരാറുകാരന് കൈമാറുകയും ചെയ്തു. വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം മൂലം പരിസരവാസികളുടെ പരാതികളെ തുടർന്ന് കെട്ടിടത്തിന് വേണ്ടി ബേസ്മെന്റ് തയ്യാറാക്കി ബെൽറ്റ് ഇട്ടതിന് ശേഷം പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ചു. മേൽ പ്രവൃത്തി കരാർ വച്ച് പണി തുടങ്ങി പ്ലിന്ത് ബെൽറ്റിന്റെ പണി കഴിഞ്ഞപ്പോൾ നാട്ടുകാരുടെ പ്രതിഷേധം മൂലം നിർത്തി വെക്കേണ്ടി വന്ന സാഹചര്യത്തിൽ കരാറുകാരൻ അതുവരെ ചെയ്ത പ്രവൃത്തിയുടെ ബിൽ അനുവദിച്ച് കൊടുക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് 65080 രൂപ കരാറുകാരന് കൊടുത്ത് പ്രവൃത്തി നിർത്തി വച്ച സ്ഥിതിയിലാണ്. മാത്രമല്ല 1.12.2018 ന് ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനവുമായി പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷിൻ (15 HP) വാങ്ങുന്നതിന് കരാർ ചമച്ചിട്ടുമുണ്ട്. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ പൊതു ജനങ്ങളുടെ സഹകരണവും പദ്ധതിയുടെ ആവശ്യകതയും ബോധ്യപ്പെടുത്താതെയും കണക്കിലെടുക്കാതെയും പദ്ധതി തയ്യാറാക്കി നടത്തിയതിന്റെ അനന്തര ഫലമാണ് ഈ 65080 രൂപയുടെ പാഴ്ച്ചെലവ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 16/6.3.21) മറുപടി ലഭ്യമാക്കിയില്ല. പാഴ്ച്ചെലവ് ഒഴിവാക്കുന്നതിന് വേണ്ടി ഇതിൻമേൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ

ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരിക്കേണ്ടതാണ്.




## 1-23 വനിത വ്യവസായ പാർക്ക് കെട്ടിട നിർമ്മാണം - പ്രവൃത്തി നിശ്ചലാവസ്ഥയിൽ- പാഴ്ച്ചെലവ് 67747 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിന്റെ 6ാം വാർഡിൽ വനിതകളുടെ ഉന്നമനത്തിനും തൊഴിൽ പരിശീലനത്തിനുമായി ഒരു കെട്ടിടം സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 11,00,000 രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ച് 13.9.18 ന് പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. കെട്ടിടത്തിന് വേണ്ടി കരിങ്കൽ തറക്ക് മുകളിൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ഭിത്തികെട്ടി റൂഫ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്ലാസ്റ്ററിംഗ്, വൈറ്റ് സിമെന്റ് വാഷിംഗ്, ടോയ്ലറ്റ് ഫിനിഷിംഗ് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ പിൻഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടുന്ന പ്രവൃത്തിയും ഉൾപ്പെടുന്നു. എന്നാൽ 67747 രൂപയുടെ പ്രവൃത്തി (സംരക്ഷണ ഭിത്തി ഭാഗിമായി കെട്ടിയത്) ചെയ്തതിനുശേഷം പ്രവൃത്തി നിശ്ചലാവസ്ഥയിലാണ്. പ്രവൃത്തിക്ക് 2018-19 വർഷത്തിൽ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല. പാർട്ട് ബിൽ നൽകിയതിന് ശേഷം പ്രവൃത്തികളൊന്നും നടന്നതായി അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയിട്ടില്ല. 2019-20, 20-21 സാമ്പത്തിക വർഷങ്ങളിലും ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മറ്റ് ചെലവുകൾ നടന്നിട്ടില്ല. ഈ പ്രവൃത്തിയിൻമേൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതും പദ്ധതി നിശ്ചലാവസ്ഥയിൽ ആകുവാനുള്ള സാഹചര്യം വിശദീകരിക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 18/6.3.21) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേരും വിശദാംശങ്ങളും | പാർട്ട് ബിൽ നൽകിയതിന്റെ വിവരം | പാർട്ട് ബിൽ നൽകിയ തുക ബിൽ നമ്പർ/ തിയതി | അവസാനമായി അളവെടുത്ത തിയതി |
|---|---|---|---|---|
| 1 | വനിത വ്യവസായ പാർക്ക് കെട്ടിട നിർമ്മാണം<br>പ്രൊജക്ട് നമ്പർ- 111/19<br>TS- 1100000<br>കരാറുകാരൻ- ശ്രീ. TV.ഷാജേഷ്<br>കരാർ - 53/12.9.18<br>MB – 163/17-18 | പ്രവൃത്തിയുടെ ആകെ മൂല്യം- 67747<br>(-) IT- 677<br>WF-677<br>കരാറുകാരന് – 66393 | 67747 രൂപ<br>52/20-3-2019 | 24-11-2018 |

പദ്ധതി പണം പാഴ്ച്ചെലവാകാതിരിക്കാൻ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.



## 1-24 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ -അസി.സെക്രട്ടറി

ഫണ്ട് - ഡവലപ്പ്മെന്റ് ഫണ്ട് (എസ്.സി.പി)

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണവുമായി ബന്ധപ്പെട്ട് KELTRON (CPRCS) നിന്നും 38902 രൂപ വീതം വിലയുള്ള 14 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര് | ഇൻവോയ്സ് നമ്പർ/ തീയതി | എണ്ണം | വില | തുക നൽകിയ വിവരം | |
|---|---|---|---|---|---|
| | | | | ബിൽ/ ചെക്ക് നമ്പർ/ തീയതി | തുക |
| 15/20 SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ (ആൺകുട്ടികൾ) | 7835(1)/13-07-19 | 7 | 272314 | 7/7.9.19 | 272314 |
| 13/20 SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ (പെൺകുട്ടികൾ) | 7835(2)/13-07-19 | 7 | 272314 | 8/7.9.19 | 272314 |

പദ്ധതി അപാകതകൾ താഴെ പറയുന്നു.

1. 2019-20 വർഷത്തേക്ക് ബാധകമായ 14-02-2018-ലെ സ.ഉ(എം.എസ്) 22/18/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000 രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ് ടോപ്പ് / കമ്പ്യൂട്ടറുകൾ ഗ്രാമ/ നഗര /ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകാവുന്നതാണ്. എന്നാൽ 30000 രൂപയിൽ അധികരിച്ച ലാപ്പ്ടോപ്പുകൾക്കാണ് ഗ്രാമ പഞ്ചായത്ത് ഓർഡർ നൽകിയതും വാങ്ങി നൽകിയിട്ടുള്ളതും. പ്രഫോർമ ഇൻവോയ്സ് പ്രകാരം ലാപ്പ്ടോപ്പ് ഒന്നിന് 38902 രൂപ കാണിക്കുകയും അതനുസരിച്ച് ഗ്രാമ പഞ്ചായത്ത് ഓർഡർ ( ഓർഡർ നം. 5458, 5459) കെൽട്രോണിന് നൽകുകയും പേമെന്റ് അനുവദിക്കുകയും ചെയ്തു. പിന്നീട് യഥാർത്ഥ ടാക്സ് ബിൽ കെൽട്രോൺ സമർപ്പിച്ചതിൽ ലാപ്പ്ടോപ്പ് ഒന്നിന് 22703 രൂപയാണ് കാണിച്ചിരുന്നത്. അതനുസരിച്ച് കെൽട്രോണിന് നൽകേണ്ട തുക 317842 രൂപയാണ്. അധികമായി നൽകിയ തുക 226786 രൂപ തിരിച്ച് ലഭ്യമാക്കുന്നതിന് വേണ്ടി 5.2.2020 ൽ ഗ്രാമ പഞ്ചായത്ത് കത്ത് നൽകുകയും (A2/486/2 Dtd.5.2.20)

ചെയ്തു. എന്നാൽ തുക കെൽട്രോണിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമായിട്ടില്ല.

2.ലഭ്യമായ ലാപ്പ്ടോപ്പുകൾ നിർദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ വാങ്ങിയ ലാപ്പ് ടോപ്പുകൾ ഗുണനിലവാരമുള്ളതാണോ എന്ന് വ്യക്തമല്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 15/6.3.21) മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയിലെ മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. കെൽട്രോണിന് അധികമായി നൽകിയ തുക 226786 രൂപ തിരിച്ച് ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-25 എസ്.സി വനിതകൾക്ക് ഇരുചക്ര വാഹനം - പദ്ധതി അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രോജക്റ്റ് - 77/20

ഫണ്ട് - പ്ലാൻ ഫണ്ട് (എസ്.സി.പി)

അടങ്കൽ - 3,00,000

പദ്ധതി പ്രകാരം 5 പേർക്ക് ഇരുചക്ര വാഹനം വാങ്ങിയതിന് സബ്സിഡി (50%)അനുവദിച്ചിട്ടുണ്ട്. ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തി. 14.2.18 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം തൊഴിൽ രഹിതരോ ഇരുചക്ര വാഹനങ്ങളിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം പദ്ധതിയുടെ ഗുണഭോക്താക്കൾ എന്ന് നിഷ്കർഷിച്ചിച്ചുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഇരുചക്ര വാഹനം ഉപയോഗിച്ച് സാധനങ്ങൾ വിൽപന നടത്തി ഉപജീവനം നടത്തുന്നവർ ആണെന്ന് തെളിയിക്കുന്ന രേഖകൾ, തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും ഉൾപ്പെടെ പരിശോധനക്ക് ലഭ്യമാക്കിയ ഫയലിൽ നിന്നും വ്യക്തമല്ല. ഗുണഭോക്താക്കൾ വച്ച കരാറിൽ ഇന്ന തൊഴിൽ ചെയ്യുന്ന എന്ന രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. വാഹനം സ്വീകരിച്ചവർ അതുപയോഗിച്ച് ഉപജീവനം നടത്തുന്നവരാണോ എന്ന് വ്യക്തമല്ല. ആയത് തെളിയിക്കുന്ന യാതൊരു രേഖകളും ഫയലിൽ നിന്നും ലഭ്യമല്ല. വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം. | പേര് | തൊഴിൽ | അനുവദിച്ച സബ്സിഡി | സ്ഥാപനം | ബിൽ |
|---|---|---|---|---|---|
| 1 | രസിക.TK | ഇൻഷുറൻസ് ഏജന്റ് | 18873 | Uniride Honda, Malappuram | 5/1.8.19 |
| 2 | സുരഭി.KP | ഭക്ഷണ സാധനങ്ങൾ കടകളിൽ വിതരണം | 20000 | Mangattil Motors,Tirur | 10/14.10.19 |
| 3 | മഞ്ജുള.KP | വസ്ത്രങ്ങൾ തയ്ച്ച് കടകളിൽ വിതരണം | 20000 | Uniride Honda, Malappuram | 11/14.10.19 |
| 4 | അഞ്ജലി.KA | വസ്ത്രങ്ങൾ തയ്ച്ച് കടകളിൽ വിതരണം | 20000 | Uniride Honda, Malappuram | 12/14.10.19 (40000) |
| 5 | മഞ്ജുഷ.AP | ഇലക്ട്രോണിക് സാധനങ്ങൾ ഓൺലൈൻ വഴി വാങ്ങി കടകളിൽ വിൽപന | 20000 | SML Motors, Malappuaram | 12/14.10.19 (40000) |
| | ആകെ | | 98873 | | |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 14/6.3.21) മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയിലെ മേൽ അപാകത പരിഹരിക്കുന്നത് വരെ 98873 രൂപ തടസ്സം ചെയ്യുന്നു.

## 1-26 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - പൊതു ന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും താഴെ പറയുന്ന ന്യൂനതകൾ കാണുന്നു. ആയത് പരിഹരിക്കപ്പെടേണ്ടതാണ്.

കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കരാറുകാരന് നൽകുന്ന വർക്ക് ഓർഡറിലും TS Sanction കത്തിലും മിക്ക പ്രവൃത്തികളിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഉദാ:- അയിനിച്ചോട് തെരിയത്ത് ബൈപ്പാസ് റോഡ് കോൺക്രീറ്റിംഗ് (പ്രോജക്റ്റ് നം.-SO117/20)

കേന്ദ്ര സർക്കാറിന്റെ 14.9.18 ലെ 65/39/2018-DOR നം സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളിൽ 1.10.2018 മുതൽ കരാറുകാർക്ക് അനുവദിക്കുന്ന 2,50,000 രൂപക്ക് മുകളിലുള്ള പേമെന്റുകളിൽ നിന്നും ജി.എസ്.ടിയിന്മേൽ 2% TDSഈടാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2,50,000 രൂപയിൽ അധികരിക്കാത്ത പേമെന്റുകൾക്കും മരാമത്ത് പ്രവൃത്തികളിൽ 2% TDS പിടിച്ചിട്ടുണ്ട്.

കോൺക്രീറ്റ് റോഡ് പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് ചെയ്യാത്ത റോഡുകളിൽ അളവ് പുസ്തകത്തിൽ ഷട്ടറിംഗിന്റെ അളവ് കുറച്ചതായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഷട്ടറിംഗിന്റെ നീളം മാത്രം രേഖപ്പെടുത്തുന്നത് കാരണം റോഡിന്റെ ഒരു വശത്തെ നീളമാണോ ഇരുവശം കൂടിയുള്ള നീളമാണോ എന്ന് വ്യക്തമാകുന്നില്ല. ഷട്ടറിംഗ് ചെയ്യാത്ത നീളം രേഖപ്പെടുത്തുമ്പോൾ One Side Or Two Side എന്നത് കൂടി അളവ് പുസ്തകത്തിൽ കാണിക്കേണ്ടതാണ്.

കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

പി.ഡബ്യൂ.ഡി മാനുവൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-27 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

2019-20 വർഷത്തിൽ 40628654 രൂപ അടങ്കലിൽ മരാമത്ത് പ്രവൃത്തികൾക്കായി പ്രോജക്ടുകൾ തയ്യാറാക്കിയതിൽ 61,47,029 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പ്രവൃത്തികൾ മിക്കതും പൂർത്തിയായിട്ടുണ്ടെങ്കിലും മുപ്പതോളം ബില്ലുകൾ ക്യൂ ബില്ലിൽ കിടക്കുന്നത് കാരണം പാശ്ചാത്തല മേഖലയിൽ ഫണ്ട് വിനിയോഗം വളരെ കുറഞ്ഞുപോയി. പദ്ധതി ആസൂത്രണത്തിലെ പിഴവ് മൂലം തുടങ്ങി വച്ച പല പദ്ധതികളും പൂർത്തിയാക്കാൻ പറ്റാത്ത അവസ്ഥയിലായി. ഇത്തരം പദ്ധതികളിലൂടെ ഗ്രാമ പഞ്ചായത്തിന് പാഴ്ച്ചെലവുകൾ ഉണ്ടായി. റിസോഴ്സ് കളക്ഷൻ സെന്റർ കെട്ടിടം, വനിത വ്യവസായ പാർക്ക് കെട്ടിടം എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനാകാതെ കിടക്കുന്നത് ഇതിന് ഉദാഹരണങ്ങൾ മാത്രം. കുടിവെള്ള ക്ഷാമം രൂക്ഷമുള്ള പ്രദേശങ്ങൾ ഉണ്ടെങ്കിലും ജല ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തിൽ തൻവർഷത്തിൽ ആസൂത്രണം ചെയത് നടപ്പാക്കിയില്ല. മരാമത്ത് മേഖലയിൽ പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതികൾ ഉൾപ്പെടുത്തി അതിനനുസരിച്ച് ഫണ്ട് വകയിരുത്താൻ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകിരിക്കേണ്ടതാണ്.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 89 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 33 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 89 | ആകെ അടങ്കൽ | 40628654 |
| നടപ്പിലാക്കിയത് | 33 | ചെലവ് | 6147029 |
| | | | |

| | | | |
|---|---|---|---|
| ശതമാനം | 37 | ചെലവ് ശതമാനം | 15.12 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 24 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 5 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

<u>റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല</u>

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ(എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ.)നം11/2018/ത.സ്വ.ഭ.വ, 29.01.18 -ലെ ഖണ്ഡിക 7.13(1) പ്രകാരം, ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട് എന്ന നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ആയതിനാൽ പശ്ചാത്തലമേഖലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾമൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. മേൽ കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## <u>1-28 വെറ്റിനറി സർജൻ നിർവ്വഹണം ചെയ്ത പ്രൊജക്ടുകളിലെ അപാകതകൾ</u>

1)പ്രൊജക്ട് :പോത്തുകുട്ടി വളർത്തൽ
നം:11/20
അടങ്കൽ-360000(വികസന ഫണ്ട്-180000,ഗുണഭോക്തൃവിഹിതം-180000)
ബിൽ നം/തീയതി:2/19-20:60000/24.09.2019,3/19-20:48000/24.10.2019,7/19-20:36000/07.02.2020,
10/19-20:36000/26.02.2020

2)പ്രൊജക്ട് :കറവപശു വിതരണം -വനിത(എസ്.സി)
നം:12/20
അടങ്കൽ:275000(വികസന ഫണ്ട്-എസ്.സി.പി-150000,ഗുണഭോക്തൃവിഹിതം-125000)
ബിൽ നം4/19-20:60000/05.11.2019,6/19-20:30000/05.11.2019,9/19-20:30000/26.02.2020

മേൽ പ്രൊജക്ടുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഗുണഭോക്താക്കളുമായി കരാർ വെച്ചിട്ടില്ല

2.മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

3.പർച്ചേസിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

4.ഉരുവിനെ നൽകിയ ആളുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

5.ഉരുക്കളുടെ ഗുണമേന്മ വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല
രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 300000/- (120000+180000)തടസ്സപ്പെടുത്തുന്നു.
ഇത് സംബന്ധിച്ച് നൽകിയ 04/5.3.21നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 പോത്തുകുട്ടി വളർത്തൽ (ജനറൽ)പ്രൊജക്റ്റ്-അപാകതകൾ

പ്രൊജക്റ്റ്-പോത്തുകുട്ടി വളർത്തൽ

നം-11/20

അടങ്കൽ-360000 (വികസന ഫണ്ട്-180000, ഗുണഭോക്തൃവിഹിതം- 180000)
നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

ബിൽ നം -7/07.02.20 :36000/-

പ്രദേശത്തെ ജനങ്ങൾക്ക് വരുമാനവും നല്ല മാംസവും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 30 ഗുണഭോക്താക്കൾക്ക് 1 വീതം 30 പോത്തുകുട്ടികളെയാണ് മേൽ പ്രൊജക്റ്റ് പ്രകാരം വിതരണം ചെയ്തിരിക്കുന്നത്.എന്നാൽ രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ആളുകൾ ഒരേ സമയം പോത്തുകുട്ടിയെ ലഭിക്കുന്ന ഗുണഭോക്താവും പോത്തുകുട്ടിയെ വിൽക്കുന്ന വിൽപ്പനക്കാരനുമാവുന്നു.

1). ശ്രീ. അബ്ബാസ് കിഴക്കേവളപ്പിലിന് പോത്തുകുട്ടിയെ നൽകിയതിന്റെ വിലയായി 6000/-രൂപ ശ്രീ.മോഹനൻ പെരുമ്പാൾ വടക്കേപുരക്കൽ കൈപ്പറ്റിയിട്ടുണ്ട്.

2). ശ്രീ. മോഹനൻ പെരുമ്പാൾ വടക്കേപുരക്കലിന് പോത്തുകുട്ടിയെ നൽകിയതിന്റെ വിലയായി 6000/-രൂപ ശ്രീ.അബ്ബാസ് കിഴക്കേവളപ്പിൽ കൈപ്പറ്റിയിട്ടുണ്ട്.

ഉരുക്കളെ വാങ്ങാതെ സബ്സിഡി തുക അനുവദിക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം ഗുണഭോക്താക്കൾ പരസ്പരം ഉരുക്കളെ കൈമാറ്റം ചെയ്തതായി കാണിച്ച് കൊണ്ട് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത് എന്നത് വ്യക്തമാണ്. വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയത് കാണുക.

## 1-30 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ ഏതാനും പ്രവൃത്തികളുടെ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതത്തിൽ നിന്നും മാത്രമാണ് കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളത്. കളക്ഷൻ ചാർജ് എല്ലാ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 17/6.3.21) മറുപടി ലഭ്യമാക്കിയില്ല.

## 1-31 രജിസ്റ്ററുകളുടെ സൂക്ഷിപ്പ് -അപാകത

1.ഡെപ്പോസിറ്റ് രജിസ്റ്ററിലെ Bidders EMD, Suppiers Security Deposite, Suppliers EMD എന്നീ നിക്ഷേപങ്ങളിൽ, നിക്ഷേപം സ്വീകരിച്ച രശീതി / വൗച്ചർ നമ്പർ തിയതി എന്നിവ ചേർത്തിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കുകയോ ആസ്തികളുടെ മൂല്യം കണക്കാക്കുയോ ചെയ്തിട്ടില്ല.
3. ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ക്ഷേമ പെൻഷനുകളുടെ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 പോത്തുകുട്ടി വളർത്തൽ (ജനറൽ)പ്രൊജക്ട്-അപാകതകൾ

പ്രൊജക്ട്-പോത്തുകുട്ടി വളർത്തൽ

നം-11/20

അടങ്കൽ-360000 (വികസന ഫണ്ട്-180000, ഗുണഭോക്തൃവിഹിതം- 180000)
നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

ബിൽ നം/തീയതി-7/07.02.20 :36000/-

പ്രദേശത്തെ ജനങ്ങൾക്ക് വരുമാനവും നല്ല മാംസവും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 30 ഗുണഭോക്താക്കൾക്ക് 1 വീതം 30 പോത്തുകുട്ടികളേയാണ് മേൽ പ്രൊജക്ട് പ്രകാരം വിതരണം ചെയ്തിരിക്കുന്നത്.എന്നാൽ രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ആളുകൾ ഒരേ സമയം പോത്തുകുട്ടിയെ ലഭിക്കുന്ന ഗുണഭോക്താവും പോത്തുകുട്ടിയെ വിൽക്കുന്ന വിൽപ്പനക്കാരനുമാവുന്നു.

1). ശ്രീ. അബ്ബാസ് കിഴക്കേവളപ്പിലിന് പോത്തുകുട്ടിയെ നൽകിയതിന്റെ വിലയായി 6000/-രൂപ ശ്രീ.മോഹനൻ പെരുമ്പാൾ വടക്കേപുരക്കൽ കൈപ്പറ്റിയിട്ടുണ്ട്.

2). ശ്രീ. മോഹനൻ പെരുമ്പാൾ വടക്കേപുരക്കലിന് പോത്തുകുട്ടിയെ നൽകിയതിന്റെ വിലയായി 6000/-രൂപ ശ്രീ.അബ്ബാസ് കിഴക്കേവളപ്പിൽ കൈപ്പറ്റിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ഖണ്ഡിക 6.2 പ്രകാരം ഉരുവിനെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക നൽകണം. ഉരുക്കളെ വാങ്ങാതെ സബ്സിഡി തുക ലഭ്യമാക്കുന്നതിന് വേണ്ടിയാണ് മേൽ പ്രകാരം ഗുണഭോക്താക്കൾ പരസ്പരം ഉരുക്കളെ കൈമാറ്റം ചെയ്തതിട്ടുള്ളത്. മേൽ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത് ക്രമ വിരുദ്ധമാണ്. യഥാർത്ഥത്തിൽ പോത്തുകുട്ടിയെ വിൽക്കുകയോ വാങ്ങുകയോ ചെയ്യാതെ വ്യാജരേഖകൾ ഉണ്ടാക്കി ചെലവ് ചെയ്ത 12000/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (05/05.03.2021)മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം.തിയ്യതി |
|---|---|---|
| 2019-20 | 26.02.2021 മുതൽ 06.03.2021 വരെ | കെ.എസ്.എ.എം.പി.എം.16/567/21 തീയതി 24-03-2021 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | മുന്നിരിപ്പ് | പ്രൊജക്ടിന്റെ പേര്/നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | പ്രോജക്ട് നം. 16/19 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 288200 | 11800 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | പ്രോജക്ട് നം.196/19-20 എസ്.സി.ഭവന പദ്ധതി | 800000 | 240000 | 560000 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 655851 | പ്രോജക്ട് നം. 53/19 നെൽകൃഷി വികസനം | 750000 | 750000 | 655851 |
| ജില്ലാ പഞ്ചായത്ത് | 433700 | പ്രോജക്ട് നം. 16/19 ശാരീരികവും, മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 266300 | 266300 | 433700 |
| ജില്ലാ പഞ്ചായത്ത് | ഇല്ല | പ്രോജക്ട് നം. 151/19 ലൈഫ് ഭവനപദ്ധതി | 400000 | 400000 | ഇല്ല |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ 2019-20

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | പ്രൊജക്ട് നം. 45/20 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 20/27.9.19(4,99,919രൂപ) 21/27.9.19(4,99,919 രൂപ) | 999838 | 999838 | പൂർത്തീകരിച്ചു. (Utilization No. DB/20-21/18/Utilization Dated 13.07.20 | |
| കെ എസ് ഇ ബി | പ്രൊജക്ട് നം. 49/20 പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 31/30.12.2019(99666രൂപ) 33/30.12.2019(99666 രൂപ) | 199332 | 199332 | പൂർത്തീകരിച്ചു. (Utilization No. DB/20-21/18/Utilization Dated 13.07.20 | |
| വാട്ടർ അതോറിറ്റി | പ്രോജക്ട് നം. 129/20 വിവിധവാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 21900709/ 01.06.2019 | 100000 | 00 | പൂർത്തീ കരിച്ചില്ല. | 100000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് 2019-20

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് പദ്ധതി (കെ യു ആർ ഡി എഫ് സി) | 2278/LSGD Dated | 21180000 | 21180000 | 2614706 | 0 | 18565294 |

| | | | | | | |
|---|---|---|---|---|---|---|
| | | 18.08.2018 | | | | |

## 4-6 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| 0 | 0 | 0 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം.തിയ്യതി |
|---|---|---|---|---|
| 2003-04 | 2(1) | 1095 | ശ്രീ.ശശിധരൻ | 119020105253/30.10.2019 |
| 2003-04 | 2(1) | 150 | ശ്രീമതി ശാന്ത | 119020105257/30.10.2019 |
| | ആകെ | 1245 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997 മുതൽ 2001-02 വരെയുള്ള സ്പെഷ്യൽ റിപ്പോർട്ട് | 2 | 2003-04 | 3.10.2.1 | ധനാപഹരണ നഷ്ടം- 36218.46 രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 12 | 2003-04 | 3.10.2.4 | ടാക്കൂർ വാടക ഈടാക്കിയില്ല ,നഷ്ടം-114240 രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 18 | 2003-04 | 3.10.2.5 | പൂർത്തിയാക്കിയ പ്രവൃത്തിക്ക് തുക വീണ്ടും ചെലവഴിച്ചു. നഷ്ടം-151115 രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 69 | 2003-04 | 3.10.2.2 | മെതിയന്ത്രം വാങ്ങിയത് പാഴ്ചെലവ് -നഷ്ടം 101882 രൂപ. | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | -- | 2003-04 | 3.10.2.6 | ചെലവ് രേഖകൾ ഇല്ല, തടസ്സം-3709786 രൂപ. | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2(1) | 2016-17 | - | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2(2) | 2016-17 | - | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | ചാർജ് /സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1997-98 To 2001-02 | 47 | കെ.വി വിന്ധ്യൻ സെക്രട്ടറി | LF6068/Spl Cell/Sc5/05/5.1.09 | 2400 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | 2400 | WP(C)13888/09/ തീയതി 21.05.09 |
| 97-98 To 2001-02 | 12 | കെ.വി വിന്ധ്യൻ സെക്രട്ടറി | LF 6068/ Spl.Cell/ SC5/05 16.10.08/ 24.10.08 | 114240 | - | - | - | - | - | 114240 | WP(C)13888/09/ തീയതി 21.05.09 |
| 97-98 To 2001-02 | 70(2) 73(5) 73(7) 86(1),(2) 100(1), 101(2) 103(3) 107(2) 108 & 130 | കെ.വി വിന്ധ്യൻ സെക്രട്ടറി | LF 6068/ Spl.Cell/ SC5/05 16.10.08/ 24.10.08 | 67294 | - | - | - | - | - | 67294 | WP(C)13888/09/ തീയതി 21.05.09 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60482523 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62972431 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4977218 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 12000 | ഡോ:സ്മിജിഷ എ.എസ് (വെറ്റിനറി സർജൻ) |

സി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 115000 | ശ്രീമതി.സീമന്തിനി,ഹെഡ്മിസ്ട്രസ് |
| 1-13 | 2560 | ശ്രീ.മണികണ്ഠൻ.ടി,സെക്രട്ടറി |
| 1-15 | 312895 | ശ്രീമതി.ഭാഗ്യം,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-16 | 255000 | ശ്രീ.രാജൻ.കെ.കെ,സെക്രട്ടറി |
| 1-17 | 1100000 | ശ്രീ.രാജൻ.കെ.കെ,സെക്രട്ടറി |
| 1-18 | 16,85,000 | 3,85,000 രൂപ-ശ്രീ.രാജൻ.കെ.കെ,സെക്രട്ടറി<br>13,00,000 രൂപ-ശ്രീ.മണികണ്ഠൻ,സെക്രട്ടറി |
| 1-20 | 37896 | ശ്രീമതി.ഭാഗ്യം-ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-21 | 525749 | 155749 രൂപ-ശ്രീ.മണികണ്ഠൻ.ടി,സെക്രട്ടറി<br>3,70,000 രൂപ-ശ്രീ.രാജൻ.കെ.കെ,സെക്രട്ടറി |
| 1-25 | 98873 | ശ്രീമതി.ബിന്ദു ഫ്രാൻസിസ്,അസി.സെക്രട്ടറി |
| 1-28 | 732000 | ഡോ.സ്മിജിഷ എ.എസ്,വെറ്റിനറി സർജൻ |
| ആകെ | 4864973 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ:സ്മിജിഷ എ.എസ് (വെറ്റിനറി സർജൻ) | അസി.പ്രൊഫസർ<br>കെ.വി.കെ.പട്ടാമ്പി | മച്ചിങ്ങൽ വീട്<br>കുരഞ്ഞിയൂർ<br>(പി.ഒ)<br>680 506(പിൻ)<br>തൃശ്ശൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.14/890/01 തിയ്യതി: 06.07.2002 | 9 | |
| 1997-98 മുതൽ | എൽ.എഫ്.എം.4/1128/03 തിയ്യതി: 03.01.2004 | 88 | |

| | | | |
|---|---|---|---|
| 2001-02 വരെ (സ്പെഷ്യൽ റിപ്പോർട്ട്) | | | |
| 2002-03 | എൽ.എഫ്.എം.15/2299/08 തിയ്യതി: 29.5.2009 | 4 | |
| 2003-04 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 26 | |
| 2004-05 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 21 | |
| 2005-06 | എൽ.എഫ്.എം.15/790/2010 തിയ്യതി: 10.07.2012 | 6 | |
| 2006-07 | എൽ.എഫ്.എം.15/791/10 തിയ്യതി: 20.06.2012 | 13 | |
| 2007-08 | എൽ.എഫ്.എം.18/669/2011 തിയ്യതി: 18.02.2012 | 18 | |
| 2008-09 | എൽ.എഫ്.എം.18/669/2011 തിയ്യതി: 25.12.2012 | 7 | |
| 2009-10 2010-11 | എൽ.എഫ്.എം.24/247/14 തിയ്യതി: 05.12.2014 | 10 | |
| 2011-12, 2012-13 | എൽ.എഫ്.എം.24/2163/14 തിയ്യതി: 23-09-2016 | 25 | |
| 2013-14,2014-15 | നം .കെ.എസ്.എ.എം.പി.എം.24/1924/2016 തീയ്യതി 05/08/2016 | 13 | |
| 2015-16 | കെ.എസ്.എ.എം.പി.എം.24/54/2017 തീയതി.07.02.2017 | 25 | |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.16/2219/2017 തീയതി.13.11.2017 | 17 | |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.16/1283/2018 തീയതി.03.07.18 | 8 | |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.16/227/20 തീയതി 11.5.20 | 16 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ)

മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്